# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:985** **11/07/2016-ൽ മറുപടിയ്ക്ക്**

## തീരനൈപുണ്യ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ.:<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
| --- | --- | --- | --- |
| എ) | മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനുമായി മുൻ സർക്കാർ 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'തീരനൈപുണ്യ പദ്ധതി'-യുടെയും 'ഫിഷ്ബഡ്സിന്റെ' വ്യാപനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ഉണ്ട്. സാഫ് മുഖേന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് 'തീരനൈപുണ്യ'. 2015-16 വർഷത്തിൽ ഈ പദ്ധതി ആരംഭിക്കുകയും 1-ാം ഘട്ടത്തിൽ 10 ജില്ലകളിൽ നിന്നുള്ള 300 മത്സ്യത്തൊഴിലാളി യുവതികൾ ട്രെയിനിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് പൂർത്തീകരിച്ച യുവതികളിൽ ഭൂരിഭാഗം പേർക്കും അവരുടെ യോഗ്യതയ്ക്കനുസരിച്ച ജോലി നേടാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2-ാം ഘട്ടത്തിൽ 300 യുവതികൾക്കുള്ള ട്രെയിനിംഗ് പരിശീലനം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ഫിഷ്മെയ്ഡ് പദ്ധതിയുടെ വ്യാപനത്തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഈ പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവെച്ചിരുന്നുവെന്നും, അതിൽ എത്ര തുക ചെലവഴിച്ചെന്നും, പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ; | ബി) | 'തീരനൈപുണ്യ' പദ്ധതിയിൽ 30 പേർ അടങ്ങുന്ന 20 ബാച്ചുകൾക്കായി 108 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 300 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതിനായി 54 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടം 300 പേർക്ക് |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടി തുടങ്ങിയിട്ടുണ്ട്. ഈ പരിപാടി അവസാനിക്കുമ്പോൾ ഫണ്ടിന്റെ വിനിയോഗം പൂർണമാകുന്നതാണ്. ഫിഷ്മെയ്ഡ് പദ്ധതിയുടെ വ്യാപനത്തിനായി തുക ആവശ്യമായി വന്നില്ല. |
| സി) | സമഗ്ര തീരദേശവികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | സി) | ഭവന നിർമ്മാണം, ഭവന അറ്റകുറ്റപണി, ഫിഷർമെൻ കോളനി നവീകരണം, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ഡ്രെയിനേജ് നിർമ്മാണം, വൈദ്യുതീകരണം, മത്സ്യത്തൊഴിലാളി സമൂഹത്തിന് ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ബോധവൽക്കരണ പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്രവികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ആഫീസർ**